ॐ

## ശ്രീമദ്ഭാഗവതം നിത്യപാരായണം 211-ാം ദിവസം

യത് പൃഥിവ്യാം വ്രീഹിയവം ഹിരണ്യം പശവ: സ്ത്രിയ:
ന ദുഹ്യന്തി മന: പ്രീതിം പുംസ: കാമഹതസ്യ തേ **(9-19-13)**
ന ജാതു കാമ: കാമാനാമുപഭോഗന ശാമ്യതി
ഹവിഷാ കൃഷ്ണവർത്മേവ ഭൂയ ഏവാഭിവർധതേ **(9-19-14)**
യദാ ന കുരുതേ ഭാവം സർവഭൂതേഷ്വമംഗളം
സമദൃഷ്ടേസ്തദാ പുംസ: സർവാ: സുഖമയാ ദിശ: **(9-19-15)**
യാ ദുസ്ത്യജാ ദുർമ്മതിഭിർജ്ജീര്യതോ യാ ന ജീര്യതേ
താം തൃഷ്ണാം ദു:ഖനിവഹാം ശർമ്മകാമോ ദ്രുതം ത്യജേത് **(9-19-16)**
മാത്രാ സ്വസ്രാ ദുഹിത്രാ വാ നാവിവിക്താസനോ ഭവേത്
ബലവാനിന്ദ്രിയഗ്രാമോ വിദ്വാം സമപി കർഷതി **(9-19-17)**

*ശുകമുനി തുടർന്നു:*
താമസം വിനാ യയാതി തന്റെ ആത്മീയാധ:പതനത്തെപ്പറ്റി ബോധവാനായി. ഒരു ദിവസം ഭാര്യയോട് ആത്മകഥാപരമായ ഒരു കഥ പറഞ്ഞു. "പ്രിയേ, ഒരിക്കൽ ഒരു പെണ്ണാട് ഒരു കിണറ്റിൽ വീണു. ഒരു കൂറ്റനാട് അതുവഴി പോകാനിടയാവുകയും അതിനെ രക്ഷിക്കുകയും ചെയ്തു. പെണ്ണാടിന് ആണിനോട് സ്നേഹം തോന്നുകയും അവർ വിവാഹം ചെയ്ത് ജീവിക്കുകയും ചെയ്തു. ആണാടിനെ മറ്റൊരു പെണ്ണാട് ആഗ്രഹിക്കുന്നതുവരെ ദമ്പതികൾ സസുഖം വാണു. പെണ്ണാട് ഉടമസ്ഥന്റെയടുക്കൽ അസൂയമൂലം പരാതിയുമായി ചെന്നു. ഉടമസ്ഥൻ കൂറ്റനാടിനെ ഷണ്ഡനാക്കി. എന്നാൽ അവന്റെ തുടർച്ചയായുള്ള അപേക്ഷ കേട്ട് അവനു പുരുഷത്വം തിരിച്ചു നൽകി. തുടർന്ന് ആണാടും പെണ്ണാടുംഇന്ദ്രിയസുഖങ്ങള നുഭവിച്ച് ജീവിച്ചു. "

യയാതി തുടർന്നു.: അങ്ങിനെ ഞാൻ ഇന്ദ്രിയസുഖങ്ങളുടെ വലയിൽ കുടുങ്ങിയിരിക്കുന്നു. എന്നാൽ ഒരു കാര്യം പ്രിയേ നീ മനസ്സിലാക്കണം. ഇന്ദ്രിയനിയന്ത്രണമില്ലാത്ത ഒരുവന്റെ കാമസംപൂർത്തിക്ക് ഭക്ഷണമോ സ്ത്രീകളോ ഒന്നും മതിയാവില്ല. ഇന്ദ്രിയസുഖങ്ങൾക്കുള്ള ആസക്തി അതിൽ മുങ്ങി ജീവിക്കുമ്പോൾ തീരെ കുറയുന്നില്ലെന്ന് മാത്രമല്ല തീയിൽ നെയ്യൊഴിക്കുമ്പോലെ അതു വർദ്ധിക്കുന്നു. എന്നാൽ നാനാത്വഭാവ ങ്ങളെല്ലാമുപേക്ഷിച്ച് എല്ലാറ്റിനേയും തന്റെ ആത്മാവായി കരുതുന്ന ഒരുവൻ എല്ലാ അനുഭവങ്ങളെയും ആസ്വദിച്ച് ജീവിക്കുന്നു. ശാന്തിയും സുഖവുമാഗ്രഹിക്കുന്ന ഏതൊരുവനും ഇന്ദ്രിയാസക്തി ഉപേക്ഷിച്ച് ഏതൊന്നിന് വാർദ്ധക്യമുണ്ടാവുന്നില്ലയോ ഏതൊന്ന് ശരീരം നശിച്ചാലും നശിക്കുന്നില്ലയോ അതിനെ കണ്ടെത്താൻ ശ്രമിക്കണം. അതുകൊണ്ട് ഒരുവൻ തന്റെ അമ്മയോടൊത്തോ സഹോദരിയോടൊത്തോ മകളോടൊത്തോ പോലും ഒറ്റക്കു കഴിയരുത്. ജ്ഞാനിയായ ഒരുവനുപോലും ഇന്ദ്രിയങ്ങളുടെ ശക്തമായ ആകർഷണത്തിൽനിന്ന് ചിലപ്പോൾ രക്ഷപ്പെടാനാവില്ല. ഒരായിരം വർഷം ഇന്ദ്രിയസുഖങ്ങളനുഭവിച്ച് ഞാൻ ജീവിച്ചുവെങ്കിലും എന്നിലെ ആസക്തി കുറഞ്ഞിട്ടില്ല. അതുകൊണ്ട് ഞാനീ ലൗകീകജീവിതം ത്യജിക്കുന്നു. ആത്മസാക്ഷാത്ക്കാരത്തിനായി ഞാൻ ആഗ്രഹിക്കുന്നു.

യയാതി പുരൂവിന് യൗവനം തിരിച്ചു നൽകി വാർദ്ധക്യം വാങ്ങി. രാജ്യം പുത്രൻമാരെ ഏൽപ്പിച്ച് വനത്തിലേക്ക് പോയി. അവിടെ പരമാത്മാവിനെ നിരന്തരമായ ധ്യാനത്തിലൂടെ സാക്ഷാത്ക്കരിച്ചു. യയാതിയുടെ തീരുമാനം കേട്ട് ദേവയാനിയും അനാസക്തയായി ലൗകീകസുഖങ്ങളുപേക്ഷിച്ച് വാസുദേവന്റെ താമരപ്പാദങ്ങൾ പൂകി.